(ബി) പ്രസ്തുത തസ്തികകളിലേക്ക് ഇപ്പോൾ എത്ര ഒഴിവുകളാണുള്ളത്; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 111 ഹോസ്റ്റലുകളുണ്ട്. അവയിൽ വാർഡന്മാരുടെ 111 ഉം പാചകക്കാരുടെ 291 ഉം തസ്തികകൾ ഉണ്ട്.

(ബി) വാർഡൻ തസ്തികയിൽ നിലവിൽ 67 ഒഴിവുകളും കുക്ക് തസ്തികയിൽ നിലവിൽ 109 ഒഴിവുകളുമാണുള്ളത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ

239 (6690) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത്, പദ്ധതി, തുക എന്നിവ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ

240 (6691) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ ജനസംഖ്യ എത്രയെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച കണക്കുകൾ വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003 ജനുവരിക്കുശേഷം ഏതൊക്കെ വിഭാഗത്തെയാണ് പട്ടികവർഗ്ഗ ലിസ്റ്റിൽപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയതായി ഉൾപ്പെടുത്തിയ വിഭാഗത്തിന്റെ എണ്ണത്തിനനുസരിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പ്രൊമോട്ടർ എന്നിവരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ടി.ഇ.ഒ. മാരേയും പ്രൊമോട്ടർമാരേയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ ജനസംഖ്യ ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു :

കാസർഗോഡ്	48,857
കണ്ണൂർ	41,371
വയനാട്	1,51,443
കോഴിക്കോട്	15,228
മലപ്പുറം	22,990
പാലക്കാട്	48,972
തൃശ്ശൂർ	9,430
എറണാകുളം	16,559
ഇടുക്കി	55,815
കോട്ടയം	21,972
ആലപ്പുഴ	6,574
പത്തനംതിട്ട	8,108
കൊല്ലം	10,761
തിരുവനന്തപുരം	26,759
ആകെ	4,84,839

(ബി) പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിലുള്ള ട്രൈബൽ എക്സ്റ്റെൻഷൻ ആഫീസർമാരുടെ എണ്ണം ജില്ലതിരിച്ച് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) 2003 ജനുവരിക്കുശേഷം മാവിലൻ, കരിമ്പാലൻ, മലവേട്ടുവർ, കാസർഗോഡ് ജില്ലയിലെ മറാഠി എന്നിവരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ ജനവിഭാഗങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വകുപ്പിൽ പുതുതായി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുകയോ അധിക പ്രൊമോട്ടർമാരെ നിയമിക്കുകയോ ചെയ്തിട്ടില്ല. വകുപ്പിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലായി 5 ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളും അടിസ്ഥാന സൗകര്യങ്ങളും

241 (6692) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്ര കുടുംബങ്ങൾ ഉണ്ട് ; ഈ വിഭാഗങ്ങളിൽ എത്ര കോളനികൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 1072 കോളനികളിലായി 18823 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ഭവന നിർമ്മാണം, കുടിവെള്ളം, വൈദ്യുതീകരണം, റോഡ്, വീട് പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രസ്തുത കോളനികളിൽ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

വിവിധ പദ്ധതികൾക്കായി പി.ഡബ്ല്യു.ഡി-ക്ക് കൈമാറിയ തുക

242 (6693) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധപദ്ധതികളിലായി എത്ര കോടി രൂപ പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഓരോ പദ്ധതിയിനത്തിലും പി.ഡബ്ല്യു.ഡി.ക്ക് നൽകിയ തുകയുടെ ചെലവു വിവരങ്ങളുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് 24.24 കോടി രൂപയും ട്രി.ആർ.ഡി.എം. മുഖേന 14.33 കോടി രൂപയും പി.ഡബ്ല്യു.ഡി.യ്ക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം യഥാക്രമം അനുബന്ധം I , II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly